**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5083** **02-11-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ-പത്തനംതിട്ട ജില്ലകളിൽ എസ്.ഡി.ആർ.എഫ്. സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 2021 മെയ് മാസം ഉണ്ടായ വെള്ളപ്പൊക്കം കാരണം ആലപ്പുഴ-പത്തനംതിട്ട ജില്ലകളിൽ ഉണ്ടായ നെൽകൃഷി നാശത്തിന് എസ്.ഡി.ആർ.എഫ്. പദ്ധതിയിൽ നിന്നും ധനസഹായം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | 2021 മെയ് മാസം ഉണ്ടായ വെള്ളപ്പൊക്കം മൂലം ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ ഉണ്ടായ നെൽകൃഷി നാശത്തിന് AIMS Portal മുഖേന 01.05.2021 മുതൽ 04.06.2021 വരെയുള്ള അംഗീകരിച്ച ക്ലെയിമുകളുടെ എസ്.ഡി.ആർ.എഫ്. വിഹിതമായി ആലപ്പുഴ ജില്ലയിൽ 1986 കർഷകർക്ക് 38.04060 ലക്ഷം രൂപയും പത്തനംതിട്ട ജില്ലയിൽ 600 കർഷകർക്ക് 9.99426 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. ആലപ്പുഴ ജില്ലയ്ക്ക് വിളനാശത്തിന് ഒഴികെയുള്ള നഷ്ടത്തിന് നഷ്ടപരിഹാരം നൽകുന്നതിനായി 430.17 ലക്ഷം രൂപ എസ്.ഡി.ആർ.എഫ്.-ൽ നിന്നും ജില്ലാ കളക്ടർ അനുവദിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ വിളനാശം ഒഴികെയുള്ള നാശനഷ്ടങ്ങൾ സംഭവിച്ചിട്ടില്ലാത്തതിനാൽ എസ്.ഡി.ആർ.എഫ്. ധനസഹായം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടില്ല. |
| (ബി) | ഈ ജില്ലകളിലെ കൃഷിക്കാർക്ക് എന്നത്തേക്ക് നഷ്ടപരിഹാരം നല്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ബി) | ടി ഇനത്തിൽ കുടിശ്ശികയുള്ള തുക അടിയന്തിരമായി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ ജില്ലകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | എല്ലാ ജില്ലകൾക്കും എസ്.ഡി.ആർ.എഫ്.-ൽ നിന്നും വിളനാശത്തിനുള്ള ആനുകൂല്യം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ